പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3615

30.01.2014-ൽ മറുപടിക്ക്.

## ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ആഭ്യന്തര വകുപ്പിന് കീഴിൽ ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | : എ) ഉണ്ട്. 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് 7 പോലീസ് ജില്ലകളിൽ ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ബീറ്റ് ഡ്യൂട്ടി ചെയ്യുന്ന ബീറ്റ് ഓഫീസർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ബീറ്റ് ഡ്യൂട്ടി ചെയ്തുവരുന്ന പ്രദേശം എളുപ്പം മനസ്സിലാക്കുന്നതിനും ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം സഹായകരമാകുന്നുണ്ട്. ഇതുവഴി കുറ്റകൃത്യങ്ങൾ കുറയ്ക്കുവാൻ സാധിക്കും എന്ന് മനസ്സിലാക്കുന്നു. |
| സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് ഇത് എത്ര മാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | സി) ഒരു പോലീസ് ഉദ്യോഗസ്ഥനെ ഇ-ബീറ്റ് സംവിധാനം വഴി പട്രോളിംഗിന് അയയ്ക്കുമ്പോൾ ടിയാന്റെ പരിസരത്ത് എവിടെയെങ്കിലും കുറ്റകൃത്യങ്ങൾ നടക്കുകയോ നടക്കാൻ സാധ്യതയുള്ളതായോ വിവരം ലഭിച്ചാൽ പ്രസ്തുത വിവരം എത്രയും പെട്ടെന്ന് മറ്റ് ഉന്നത ഉദ്യോഗസ്ഥർക്ക് കൈമാറി ടി കുറ്റകൃത്യങ്ങൾ തടയുന്നതിനോ മറ്റു നിയമ നടപടികൾ സ്വീകരിക്കുന്നതിനോ സാധിക്കും. |
| ഡി) ഏതെല്ലാം ജില്ലകളിലാണ് ഇത് പ്രവർത്തിച്ച് വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഡി) തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കോട്ടയം, കൊച്ചി സിറ്റി, എറണാകുളം റൂറൽ, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. |
| ഇ) എല്ലാ ജില്ലകളിലും സിസ്റ്റം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഇ) എല്ലാ ജില്ലകളിലും ഈ സംവിധാനം വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ